**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3307** — 10-12-2018 -ൽ മറുപടിക്ക്

## പ്രളയ ദുരിതബാധിതർക്കായുള്ള ആശ്വാസ ധനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.സി.ജോസഫ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയദുരിതബാധിതർക്കായി പ്രഖ്യാപിച്ച ആശ്വാസധനം അർഹതയില്ലാത്ത ആരെങ്കിലും കൈപ്പറ്റിയിട്ടുണ്ടോ; എങ്കിൽ എത്രപേർ അനധികൃതമായി തുക കൈപ്പറ്റി; അവർക്കെതിരെ റവന്യൂ വകുപ്പ് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) | ഉണ്ട്. അനർഹമായി ധനസഹായം കൈപ്പറ്റിയവരുടെ കണക്കുകൾ ശേഖരിച്ചു വരുന്നു. അങ്ങനെയുള്ളവരിൽ നിന്ന് തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| ബി) | പ്രളയ ദുരന്തത്തിൽ വീട് പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | ബി) | വീട് പൂർണ്ണമായി നഷ്ടപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| സി) | പ്രളയദുരന്തത്തിൽ സംസ്ഥാനത്തിനുണ്ടായ ആകെ നഷ്ടം എത്രയെന്ന് റവന്യൂ വകുപ്പ് കണക്കാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ അന്തിമ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ; | സി) & ഡി) | റവന്യൂ വകുപ്പിന് മാത്രമല്ല ഇത്തരം കണക്കെടുപ്പ് നടത്തുവാൻ ചുമതലയുള്ളത്. വിവിധ സെക്ടറിലെ നഷ്ടം കേന്ദ്ര മാനദണ്ഡം അനുസരിച്ച് അതാത് ചുമതലയുള്ള വകുപ്പുകൾ കണക്കാക്കിയിട്ടുണ്ട്. ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616.7 കോടി രൂപയുടെ പുനരധിവാസ ധനസഹായം ആണ്. |
| ഡി) | പ്രളയദുരന്തത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലുണ്ടായ നഷ്ടം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### പൂർണ്ണമായും തകർന്ന വീടുകളുടെ ജില്ല തിരിച്ചുള്ള വിവരം

| ജില്ല | പൂർണ്ണം |
|---|---|
| തിരുവനന്തപുരം | 257 |
| കൊല്ലം | 188 |
| പത്തനംതിട്ട | 863 |
| ആലപ്പുഴ | 1,162 |
| കോട്ടയം | 770 |
| ഇടുക്കി | 1,992 |
| എറണാകുളം | 2,923 |
| തൃശ്ശൂർ | 4,040 |
| പാലക്കാട് | 1,633 |
| മലപ്പുറം | 692 |
| കോഴിക്കോട് | 546 |
| വയനാട് | 844 |
| കണ്ണൂർ | 162 |
| കാസർഗോഡ് | 35 |
| ആകെ | 16,107 |

സെക്ഷൻ ഓഫീസർ